# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 38 — 06-03-2012-ൽ മറുപടിയ്ക്ക്.

<u>അനാഥാലയങ്ങളിലെയും വൃദ്ധസദനങ്ങളിലെയും ചൂഷണം</u>

<u>ചോദ്യം</u>

ശ്രീ. സാജു പോൾ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ

<u>ഉത്തരം</u>

ഡോ. എം. കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി

| | |
|---|---|
| (എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ അനാഥാലയങ്ങൾ വൃദ്ധസദനങ്ങൾ മുതലായവയ്ക്ക് അംഗീകാരവും ധനസഹായവും നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | (എ) അനാഥാലയങ്ങൾ വൃദ്ധസദനങ്ങൾ എന്നിവയ്ക്ക് നിലവിൽ അംഗീകാരം നൽകുന്നത് ഓർഫനേജ് കൺട്രോൾ ബോർഡാണ്. ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ അതാത് ജില്ലകളിൽ ചാർജ്ജുള്ള ബോർഡ് അംഗങ്ങളാണ് പരിശോധന നടത്തുന്നത്. ഒരു അന്തേവാസിയ്ക്ക് താമസിക്കാൻ 40 സ്ക്വയർ ഫീറ്റ് അക്കോമഡേഷൻ ഫെസിലിറ്റി വേണമെന്നും സ്ഥലവും കെട്ടിടവും സംഘടനയ്ക്ക് സ്വന്തമായി ഉണ്ടായിരിക്കണെമെന്നും പുതിയ സംഘടനയ്ക്ക് കുറഞ്ഞത് 25 പേരെ എങ്കിലും പാർപ്പിക്കാൻ സൗകര്യമുണ്ടായിരിക്കണെ മെന്നും കോർപ്പറേഷൻ മുനിസിപ്പൽ ഏരിയായിൽ 5 കിലോമീറ്ററിനുള്ളിലും പഞ്ചായത്തിൽ 10 കിലോമീറ്ററിനുള്ളിലും സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br>ധനസഹായം നൽകുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്നും അംഗീകാരം ലഭിച്ച , ഓർഫനേജുകൾ സർക്കാരിന് പ്രത്യേകം അപേക്ഷകൾ |

| | |
|---|---|
| | സമർപ്പിക്കേണ്ടതാണ്. 5നും 21നും മദ്ധ്യേ പ്രായമുള്ളവരെയാണ് പ്രവേശിപ്പിക്കേണ്ടത്. ഇതിൽ 75% കുട്ടികൾക്ക് എങ്കിലും വിദ്യാഭ്യാസം നൽകിയിരിക്കണം. ഓർഫനോ ഡസ്റ്റിറ്റ്യൂട്ടോ അല്ലാത്ത കുട്ടികൾ താമസിക്കുവാൻ പാടില്ല. ഇത്തരത്തിലുള്ള വ്യവസ്ഥകൾ പൂർത്തീകരിക്കുന്ന സംഘടനകളുടെ അപേക്ഷകൾ ഡയറക്ടറേറ്റ് തലത്തിൽ പരിശോധന നടത്തി സർക്കാരിന് സമർപ്പിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്.<br><br>വൃദ്ധസദനങ്ങളിൽ രണ്ട് വർഷം പ്രവർത്തന പരിചയമുള്ള സ്ഥാപനങ്ങളെയാണ് ഗ്രാന്റിനുവേണ്ടി പരിഗണിക്കുന്നത്. ഇതിലും **accommodation, sanitation facility, care & protection** ഇവയെല്ലാം പരിശോധിച്ചശേഷം സാമൂഹ്യക്ഷേമ ഡയറക്ടർ സർക്കാരിന് ശുപാർശ സമർപ്പിക്കുന്നു. |
| (ബി) സംസ്ഥാനത്ത് ഓരോ വിഭാഗത്തിലും ഇപ്പോൾ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത് ; പ്രസ്തുത സ്ഥാപനങ്ങൾ ക്കെല്ലാമായി എന്ത് തുക ഈ വർഷം ഗ്രാന്റായി നൽകിയിട്ടുണ്ട് ; | (ബി) സംസ്ഥാനത്ത് 1443 അനാഥാലയങ്ങളും 422 അഗതി വൃദ്ധസദനങ്ങളും 2 ബെഗ്ഗർ ഹോമുകളും പ്രവർത്തിച്ചുവരുന്നു.<br>ഇവയ്ക്കെല്ലാം കൂടി 7,06,68,200 രൂപ ഈ വർഷം ഗ്രാന്റായി നൽകിയിട്ടുണ്ട് |
| (സി) ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളെ സ്ഥാപന | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

| | |
|---|---|
| നടത്തിപ്പുകാർ പലവിധത്തിൽ ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (ഡി) സംസ്ഥാനത്തെ ചില സ്വാശ്രയ കോളേജുകളുടെ പരീക്ഷകൾക്ക് വേണ്ടി ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളെ കൊണ്ടുപോയി വൻതുക സ്ഥാപനനടത്തിപ്പുകാർ സമാഹരിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) കൊല്ലം ജില്ലയിലെ പത്തനാപുരത്തുള്ള ഗാന്ധിഭവൻ എന്ന സ്ഥാപനത്തിൽ നിന്നും സ്വാശ്രയ കോളേജുകളുടെ പരീക്ഷയ്ക്കുവേണ്ടി അന്തേവാസികളെ കൊണ്ടുപോയി സാമ്പത്തിക നേട്ടമുണ്ടാക്കുന്നതായി ഒരു ടെലിവിഷൻ ചാനലിൽ വാർത്ത വരുകയും അതിനെക്കുറിച്ച് അന്വേഷിക്കാൻ ബഹു. ഹൈക്കോടതി ആരോഗ്യവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അന്വേഷണ റിപ്പോർട്ട് കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസ്സർ